# റവറെന്റേ, അധികപ്രസംഗം വേണ്ട

**ഫാദർജി**

സ്വർഗ്ഗരാജ്യ പ്രഘോഷണത്തിന്റെ നിയോഗവുമായി പറഞ്ഞയക്കുമ്പേൾ ശിഷ്യൻമാരോടു ക്രിസ്തു പറഞ്ഞു.

പ്രസംഗ വിഷയം ഒന്നേ ഒന്ന്: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെടുക

മത്താ: 3:2 & ലൂക്കോ. 10:11

ശിഷ്യൻമാർ ഈ നിർദ്ദേശം അക്ഷരം പ്രതി അനുസരിച്ചു.

അങ്ങനെ അവർ പുറപ്പെട്ടു മാനസാന്തരപ്പെടേണം എന്നു പ്രസംഗിച്ചു.

മർക്കോസ്: 6:12

നസറായന്റെ പ്രസംഗം ഏറ്റുപറഞ്ഞ ആദ്യകാല ശിഷ്യന്മാർ ആത്മാക്കളെ നേടി, ന. പൈ. നേടിയില്ല.

കാലങ്ങൾ കഴിഞ്ഞപ്പോൾ ക്രിസ്തു ശിഷ്യൻമാരുടെ പ്രസംഗ വിഷയങ്ങൾ മാറി. അതോടെ പ്രവർത്തന അജണ്ടയും മാറി. സൗധങ്ങൾ പണിതുയർത്തുവാനും അധികാരം സ്ഥാപിക്കുവാനും അതിർ വരമ്പുകൾ തീർക്കുവാനുമായി മറിയയിൽ നിന്ന് മാർത്തയിലേക്ക് ചുവടൊന്നുമാറ്റി ചവുട്ടി. പ്രസംഗ വിഷയം മാറ്റിയപ്പോൾ എന്തും പറയാമെന്നും എന്തും പ്രവർത്തിക്കാമെന്നുമായി. ആത്മീയം ഹൈറിട്ടേണു ബിസിനസ്സായി.

ദൈവരാജ്യ പ്രസംഗത്തേക്കാൾ അനുഷ്ഠാനങ്ങളും ആഘോഷങ്ങളും ആത്മീയ മാമാങ്കങ്ങളുമാണ് ജനങ്ങൾക്കിഷ്ടം. അങ്ങനെ അവരെ പരിശീലിപ്പിച്ചു. ഇല്ലാത്ത സമയമുണ്ടാക്കി ആത്മീയ സദസ്സുകളിൽ മണിക്കൂറുകൾ ചെലവഴിക്കുന്ന വിശ്വാസികൾക്ക് നിത്യതയ്ക്കുവേണ്ടിയുള്ള എന്തു നിർദ്ദേശമാണ് ലഭിക്കുന്നത്? ആത്മീയ വേദികളിലെ ബുദ്ധിപ്രകടനം, ആത്മപ്രശംസ, ക്ലിഷേ എരിവ്, തമാശക്കഥകൾ, പിരിവു പിഴിച്ചിൽ തുടങ്ങിയ വിഷമാലിന്യങ്ങൾ നീക്കിയാൽ നിത്യതയിലെ വാസത്തിന് നിർമ്മലമനസ്സാക്ഷി ഒരുക്കുവാനുള്ള അനുഗ്രഹ വചനങ്ങളെത്ര ശതമാനമുണ്ട്?

വെള്ളിക്കോലിൽ വെള്ളിയെത്രമൂപ്പരേ?

ആസന്നമായ സ്വർഗ്ഗരാജ്യത്തിനുവേണ്ടി മാനസാന്തരപ്പെടണമെന്നു പ്രസംഗിക്കുവാൻ ഇടയൻമാർക്കും കേൾക്കുവാൻ വിശ്വാസികൾക്കും താൽപര്യമില്ല. ജീവിത ശൈലി മാറ്റുവാൻ ആർക്കാണിഷ്ടം? മാനസാന്തര പ്രസംഗങ്ങൾക്കുപകരം വിശ്വാസികളെ എന്റർടെൻ ചെയ്യാനുള്ള, തുട്ടുവീഴ്ത്താനുള്ള മിമിക്കുകളിലും പവ്വർപോയ്ന്റ് പ്രസന്റേഷനിലുമായി ശ്രദ്ധ.

ക്രിസ്തുവിന്റെ പ്രസംഗ വേദിയിൽ നിന്നും പോലും പലരും ഇറങ്ങിപ്പോയി. ചില ശിഷ്യന്മാർ പ്രാഥമിക മെമ്പർ ഷിപ്പും റദ്ദാക്കി സ്ഥലം വിട്ടു. കഠിന വചനം, വല്ലാത്ത വയ്യാവേലി, ആരെക്കൊണ്ടിതൊക്കെപ്പറ്റുമെന്നൊക്കെയായിരുന്നു വിമർശനം. ഹെവൻ വിസയ്ക്കു വേണ്ടി എത്ര ചില്ലറ വേണേലും മുടക്കുവാൻ തയ്യാറായി വന്ന ഒരു കൊച്ചു മുതലാളിയോട് എല്ലാം വിറ്റു ദരിദ്രർക്കു കൊടുത്തിട്ടു വന്നാൽ കുരിശുതരാമെന്നു പറഞ്ഞപ്പോൾ പാർട്ടി യുട്ടേണടിച്ചു സ്റ്റാന്റ് വിട്ടു.

ഇന്നാണെങ്കിലോ??

ആൾക്കൂട്ടത്തിലും അനുയായികളിലും ഭ്രമമില്ലാതിരുന്ന ക്രിസ്തു അതേ പ്രമേയം ശക്തമായി വീണ്ടും ആവർത്തിച്ചു.

അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങളെല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും.

ലൂക്കോ. 13:5

ന്റെ ചങ്ങാതി, ഇതു നിനക്കുള്ള പ്രത്യേക മുന്നറിയിപ്പാണ്, കർശന താക്കീതാണ്, കർത്താവിന്റെ പ്രത്യേക ദൂതാണ്.

ഭൂമിയിൽ ആരംഭിക്കുന്ന സ്വർഗ്ഗം, ശാന്തിയും സംതൃപ്തിയും പ്രദാനം ചെയ്യുന്ന ദിവ്യ ചൈതന്യമായി നിന്റെ ഹൃദയത്തിൽ സ്ഥാപിക്കപ്പെടാൻ ഒരു മാനസാന്തരം കൂടിയേ തീരൂ. വ്യക്തി ബന്ധങ്ങൾക്കിടയിലെ പ്രതിസന്ധി നീങ്ങുവാൻ സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിൽ മാത്രമായാൽ പോരാ, നിന്റെ ഹൃദയത്തിലും ആകേണം.

ടൈറ്റിലുകളും സ്ഥാനമാനങ്ങളും അഭിഷിക്ത പദവിയും സ്വർഗ്ഗരാജ്യ പ്രവേശനത്തിൻ സഹായകമാവില്ല. ജീവിതം അറിഞ്ഞനുഗ്രഹിച്ചുനൽകിയതും ധിക്കാരപൂർവ്വം പിടിച്ചു വാങ്ങിയതും മക്കയാത്രയിൽ ചെക്കിൻ ചെയ്യുമ്പോൾ മരണാധികാരിയായ സെക്യൂരിറ്റി ഓഫീസർ പിടിച്ചു വാങ്ങി ശവപ്പെട്ടി ട്രാഷിലിടും. പിന്നെ നിത്യതയിലേക്കു കൊണ്ടുപോകുവാൻ കഴിയുന്നത് മരണത്തിനു കൊല്ലുവാൻ കഴിയാത്ത ആത്മാവു മാത്രം മാത്രമാണ്.

എന്താണതിന്റെ അവസ്ഥ? മരിച്ചതോ ജീവനുള്ളതോ?

മറുപടി പെട്ടെന്നു വേണം. അപ്പീലും സ്റ്റേയും ശുപാർശയും വകവയ്ക്കാത്ത, സ്ഥലം എയ്ഡ്സിനേക്കാൾ ക്രൂരനായ മരണം ചുറ്റിപ്പറ്റി നടക്കണേണ്ടേ! പലരേയും പൊക്കികൊണ്ടു പോകണേണ്ടേ! സ്റ്റെത്തും തൂക്കി കാവലിരിക്കുന്ന ഡോക്ടറുടെ കണ്ണും വെട്ടിച്ചു കടന്ന് അവൻ അട്ടിമറി നടത്തും.

തത്ത്വശാസ്ത്രങ്ങൾക്കോ യുക്തിബോധത്തിനോ സമ്പത്തിനോ സമ്പന്ന സംസ്കാരത്തിനോ സഭയ്ക്കോ നിന്റെ രക്ഷ ഉറപ്പുവരുത്തുവാൻ കഴിയില്ല. ക്രിസ്തു നിർദ്ദേശിക്കുന്ന മാനസാന്തരവും മനോഭാവങ്ങളുടെ പുനരെഴുത്തും മാത്രമാണ് പ്രതിവിധി.

സുഹൃത്തെ,

സമാഗതമായ ദൈവരാജ്യം ജീവിതത്തിലെ പ്രയോറിട്ടി വിഷയമായിരിക്കട്ടെ.

ഒരു തയ്യാറെടുപ്പിന്റെ, ഒരുക്കത്തിന്റെ സമർപ്പണ മനോഭാവത്തോടെ കാര്യങ്ങൾ ദിവസവും മുന്നോട്ടു നീങ്ങട്ടെ.

വിസിലടിച്ച് പെട്ടെന്ന് കർട്ടൻ വീഴുമ്പോൾ ബേജാറാവേണ്ടി വരില്ല.

റവറെന്റേ,

ഇടങ്കയ്യും വലങ്കയ്യു മറിയാത്ത പാവം പാപികളോട് വളച്ചുകെട്ടില്ലാതെ, ദുഷ്ട മോഹങ്ങളും മോട്ടീവുമില്ലാതെ, കൃത്രിമ വികാര പ്രകടനങ്ങളില്ലാതെ സൗഹൃദ പൂർവ്വം പറയുക.

സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെടുക

പറഞ്ഞയച്ചവൻ ഇതു മാത്രമേ പറയാൻ പറഞ്ഞുള്ളു.

പിന്നെന്തിനി അധിക പ്രസംഗം?